**പതിനാലാം കേരള നിയമസഭ**

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019)

## അഞ്ചാമത് റിപ്പോർട്ട്

## (മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം)

(2018 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി

**(2016-2019)**

## അഞ്ചാമത് റിപ്പോർട്ട്

**(മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം)**

(2018 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1736/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| 1. സമിതിയുടെ ഘടന | .. | v |
| 2. ആമുഖം | .. | vii |
| 3. റിപ്പോർട്ട് | .. | 1 |

# ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019), 2018 ഡിസംബർ 6-ന് ചേർന്ന യോഗത്തിൽ അംഗീകരിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വി. കെ. ഇബ്രാഹിംകുഞ്ഞ്,
*അദ്ധ്യക്ഷൻ,*
*ഗവ. നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 11.

## മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ച റിപ്പോർട്ട്

വളരെ സങ്കീർണ്ണമായ പ്രതിഭാസമാണ് മനുഷ്യമനസ്. എല്ലാ രോഗങ്ങളുടെയും ഗതിവിഗതികൾ നിശ്ചയിക്കുന്നത് ഒരളവുവരെ മനസിന്റെ അവസ്ഥയാണെന്ന് വിവക്ഷിക്കപ്പെടുന്നു. ശാരീരികമായ ആരോഗ്യത്തോടൊപ്പം മനസ്സിന്റെ ആരോഗ്യവും വ്യക്തിയുടെ വിജയകരമായ ജീവിതയാത്രയ്ക്ക് അനുപേക്ഷണീയമായ ഘടകമായി വിലയിരുത്താവുന്നതാണ്. മനോരോഗങ്ങളുടെ ഭൗതികവും ശാരീരികവുമായ അടിസ്ഥാന കാരണങ്ങൾ ഇപ്പോഴും പൂർണ്ണമായി അറിവായിട്ടില്ല എന്നതാണ് വസ്തുത. പ്രാചീന സമ്പ്രദായങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു ശാസ്ത്രശാഖയായി മനോരോഗ വിജ്ഞാനത്തെ കണക്കാക്കുന്നു. എന്നിരുന്നാലും മാനസികാരോഗ്യ കേന്ദ്രങ്ങളിലെ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന അഭൂതപൂർവ്വമായ വർദ്ധനവ് മാനസികരോഗത്തിന്റെ വ്യാപ്തി തെളിയിക്കുന്നതാണ്. രോഗികളുടെ എണ്ണം കൂടുന്നതിന് ആനുപാതികമായി ചികിത്സാസൗകര്യങ്ങൾ വർദ്ധിക്കുന്നില്ല എന്ന പ്രശ്നത്തിന് പരിഹാര നടപടി കൈക്കൊണ്ടേ മതിയാകൂ.

(2) 12-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ച നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 372-ന് സർക്കാർ ലഭ്യമാക്കിയ മറുപടിയെ 191-ാം നമ്പർ ഉറപ്പായി പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിൻമേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിക്കുകയും തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലുള്ള സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളും ആയവ നേരിടുന്ന പ്രശ്നങ്ങളും നേരിട്ട് കണ്ട് വിലയിരുത്തുന്നതിനായി പ്രസ്തുത കേന്ദ്രങ്ങൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. ആയതിൻ പ്രകാരം 2-5-2018-ന് കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രവും 30-5-2018-ന് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രവും 19-7-2018-ന് തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രവും സന്ദർശിച്ച് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുമായും ഈ മേഖലയിലെ വിദഗ്ധ ഡോക്ടർമാരുമായും വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

### അടിസ്ഥാന സൗകര്യ വികസനം

(3) 1870-ൽ സ്ഥാപിതമായ തിരുവനന്തപുരം മാനസികരോഗാശുപത്രിയെ 1985-ലാണ് മാനസികാരോഗ്യ കേന്ദ്രം എന്ന് പുനർനാമകരണം ചെയ്തത്. ഇവിടത്തെ

പ്രതിദിന ഔട്ട് പേഷ്യന്റ് ഇരുന്നൂറിലേറെയാണ്. കഴിഞ്ഞ 5 വർഷമായി മൂവായിരത്തോളം രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ കാര്യത്തിൽ കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിലുള്ള വികസനം ഇവിടെ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഭൂരിഭാഗം വാർഡുകളും ആശുപത്രി സ്ഥാപിച്ച സമയത്ത് നിർമ്മിച്ച കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(4) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുകയുടെ 94 ശതമാനത്തോളം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വീവിംഗ് യൂണിറ്റിനായുള്ള ബിൽഡിംഗ് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിർമ്മാണ കരാറുകാരുമായുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. 22-ാം വാർഡിന്റെ പ്രവർത്തനം 2017-18 സാമ്പത്തിക വർഷത്തെ ഫണ്ടുപയോഗിച്ച് ആരംഭിക്കേണ്ടതായിരുന്നെങ്കിലും ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന് സമിതിക്ക് കണ്ടെത്താൻ സാധിച്ചു. ആശുപത്രിയുടെ വികസനത്തിനായി 2003-2004 മുതലുള്ള വിവിധ ഘട്ടങ്ങളിലായി 6 കോടിയോളം രൂപ പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലുണ്ടെങ്കിലും 2003-2004 സാമ്പത്തിക വർഷം 4 കോടി രൂപ ചെലവിൽ ആധുനിക വാർഡ് നിർമ്മിക്കുന്നതിനായി തറക്കല്ലിട്ടിട്ടും സാങ്കേതിക പ്രശ്നങ്ങൾ കാരണം പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. നഴ്സസ് ഹോസ്റ്റൽ നവീകരിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമായ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയ 6 കോടി രൂപയിൽ 4 കോടി രൂപ സൈക്യാട്രി വാർഡിന്റെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുപോലും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് സമിതി ഗൗരവമായി കാണുന്നു. ഒരു അസിസ്റ്റന്റ് എൻജിനീയറേയും ഓവർസിയറേയും പ്രത്യേകമായി നിയോഗിച്ച് ആശുപത്രി വികസന സമിതിയുടെ നിർദ്ദേശപ്രകാരം മുടങ്ങിക്കിടക്കുന്നതുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

(5) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഡി.എൻ.ബി. (ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) കോഴ്സ് വളരെ വിജയകരമായി നടക്കുന്നുണ്ട്. വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, മറ്റ് ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രി, സോഷ്യൽ വർക്ക് തുടങ്ങിയ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പരിശീലനവും പി.എച്ച്.ഡി. തീസിസ് തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ഇവിടെ നടക്കുന്നുണ്ട്.

എന്നാൽ പഠനാവശ്യത്തിനായി ഒരു അക്കാദമിക് ബ്ലോക്കിന്റെ അഭാവം വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. മാനസികാരോഗ്യ ഗവേഷണ കേന്ദ്രമായി ഉയർന്ന് വരുന്നതിലേക്കായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഒരു അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(6) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനം സംബന്ധിച്ച പുതിയ നിയമപ്രകാരം തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ റിവൈസ് ചെയ്യണമെന്നും ആയതിനായി ആശുപത്രി വികസന സമിതിയോഗം അടിയന്തരമായി വിളിച്ചു ചേർക്കണമെന്നും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സബ് കമ്മിറ്റിയുണ്ടാക്കി അത്യാവശ്യമായ വിവരങ്ങൾ ലഭ്യമാക്കി ഇപ്പോൾ ടെണ്ടർ ചെയ്തിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ കൂടി പുതിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(7) 1872-ൽ സ്ഥാപിതമായ കോഴിക്കോട് മാനസികരോഗാശുപത്രിയെ സംബന്ധിച്ച് ഇൻഫ്രാസ്ട്രക്ചർ മേഖലയിലെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. സമഗ്രമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലേക്കായി 2012-ൽ ഒരു മെന്റൽ ഹെൽത്ത് ട്രസ്റ്റ് രൂപീകരിക്കുകയും മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ കണ്ടെത്താനായി കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിലുള്ള 20 ഏക്കർ സ്ഥലം ക്രിയാത്മകമായി വിനിയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള മാസ്റ്റർപ്ലാനാണ് ആവശ്യമുള്ളത്. മാസ്റ്റർപ്ലാനിന്റെ ആദ്യഘട്ടമെന്ന നിലയിൽ 100 കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ മാസ്റ്റർ പ്ലാൻ നാളിതുവരെ തയ്യാറായിട്ടില്ല. കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിലേക്കായി മാസ്റ്റർപ്ലാനിന്റെ പ്രവർത്തനങ്ങൾക്ക് കിറ്റ്കോയ്ക്ക് അനുവദിച്ചിട്ടുള്ള 9.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്നും മെന്റൽ ഹെൽത്ത് ട്രസ്റ്റ് അടിയന്തരമായി യോഗം ചേർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(8) എം.എൽ.എ. ഫണ്ട് മുഖേന ഒരു മ്യൂസിക് സിസ്റ്റം കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ചുവെങ്കിലും ആയത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന് സമിതിയ്ക്ക് മനസ്സിലാക്കുവാൻ സാധിച്ചു. പ്രസ്തുത മ്യൂസിക് സിസ്റ്റം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(9) 1889-ലാണ് തൃശ്ശൂർ മാനസികാരോഗ്യാശുപത്രി സ്ഥാപിതമായത്. 14 ഏക്കറിലായി സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയുടെ മിക്ക കെട്ടിടങ്ങളും കാലപ്പഴക്കം ചെന്നവയാണ്. മാനസികാരോഗ്യ കേന്ദ്രത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള ഫോറൻസിക് വാർഡ്, ഡീ അഡിക്ഷൻ വാർഡ്, സിക്ക് വാർഡ് എന്നിവ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.എന്നാൽ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള മോഡേൺ സൈക്യാട്രി വാർഡിന്റെ നിർമ്മാണം ഇനിയും പൂർത്തീകരിച്ചിട്ടില്ല. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ പല കെട്ടിടങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന വാർഡുകൾക്ക് കേന്ദ്രീകൃത സ്വഭാവത്തിൽ പ്രവർത്തിക്കുന്നതിലേക്കായാണ് മോഡേൺ സൈക്യാട്രി വാർഡിന്റെ നിർമ്മാണം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരുന്നത്. പ്ലാൻ ഫണ്ട് മുഖേന മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് അപേക്ഷ നൽകിയിരുന്നെങ്കിലും അനുമതി ലഭിച്ചിട്ടില്ല.

(10) തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കെത്തുന്നവരെ ഉൾക്കൊള്ളുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായതിനാൽ മാസ്റ്റർപ്ലാൻ പ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി, പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി കിട്ടാത്ത സാഹചര്യത്തിൽ നബാർഡ് പോലുള്ള ധനകാര്യസ്ഥാപനങ്ങളുടെ സ്കീമുകളിൽ ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യുന്നു. കൗമാരപ്രായക്കാരായ രോഗികൾക്കായി ചൈൽഡ് ഗൈഡൻസ് ക്ലിനിക്ക് തൃശ്ശൂരിൽ പ്രവർത്തിക്കുന്നുണ്ട്. മോഡേൺ സൈക്യാട്രി വാർഡിന്റെ നിർമ്മാണം പൂർത്തിയായാൽ ഇത് അവിടേക്ക് മാറ്റാൻകഴിയും. കിഫ്ബി പ്രകാരമുള്ള ഗൈഡ്‌ലൈൻസ് അനുസരിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരുന്നുവെങ്കിൽ മുഴുവൻ ഫണ്ടും കിഫ്ബി മുഖേന ലഭിക്കുമായിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായ കാലതാമസം മാസ്റ്റർപ്ലാനിന്റെ നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സമഗ്രവികസനത്തിന്റെ അടിത്തറയെന്ന നിലയിൽ മാസ്റ്റർപ്ലാൻ പ്രകാരമുള്ള നിർമ്മാണം അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ളവർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(11) അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള മെല്ലെപ്പോക്ക് ആശുപത്രിയുടെ വികസനത്തിന് വിഘാതമാണ്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ ഉയരം കൂട്ടി പുതുക്കി പണിയുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുള്ള പ്രൊപ്പോസലിൻമേൽ അടിയന്തര നടപടി സ്വീകരിച്ച് ചുറ്റുമതിൽ പുതുക്കി പണിയണമെന്ന് ആരോഗ്യ, പൊതുമരാമത്ത് വകുപ്പുകളോട് നിർദ്ദേശിക്കുന്നു. ഫോറൻസിക് വാർഡ് ട്രസ് വർക്ക് ചെയ്ത് ചോർച്ച

ഒഴിവാക്കുന്നതിനും പ്രസ്തുത കെട്ടിടം രോഗീസൗഹൃദമായ രീതിയിലാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും മാനസികാരോഗ്യ കേന്ദ്രത്തിലെ ഏഴാം വാർഡിന്റെയും പതിമൂന്നാം വാർഡിന്റെയും അറ്റകുറ്റപ്പണികൾക്കായുള്ള പ്രൊപ്പോസലിൻമേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പൊതുമരാമത്ത് വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

(12) മാനസികാരോഗ്യ കേന്ദ്രത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം അടിയന്തരമായി നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കണമെന്നും കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് അത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പൊതുമരാമത്ത്, ഊർജ്ജ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

## ജീവനക്കാരുടെ കുറവ്

(13) 150 വർഷമായി പ്രവർത്തിച്ചുവരുന്ന തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 1961-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും പിന്തുടരുന്നത്. രോഗികൾക്ക് മെച്ചപ്പെട്ട സേവനവും പരിചരണവും ലഭ്യമാക്കുന്നതിന് മതിയായ ജീവനക്കാരില്ലാത്തതാണ് അവിടത്തെ അടിയന്തര പ്രശ്നമായി സമിതിക്ക് കാണാൻ കഴിഞ്ഞത്. സ്റ്റാഫ് നഴ്സുമാരുടെ എണ്ണത്തിൽ ഗണ്യമായ കുറവാണുള്ളത്. 40 രോഗികൾക്ക് ഒരു നഴ്സ് എന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1990-ലെ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് പ്രകാരം സ്റ്റാഫ് നഴ്സ്-പേഷ്യന്റ് റേഷ്യോ 1:10 എന്നിരിക്കെയാണിത്. 10 മുതൽ 150 ഓളം വരുന്ന രോഗികൾക്കായി 4 സൈക്യാട്രി സോഷ്യൽ വർക്കർമാരാണ് ഉള്ളത്. 14 സ്റ്റാഫ് നഴ്സുമാരുടെയും 9 ഹെഡ് നഴ്സുമാരുടെയും ഒഴിവുകൾ നികത്താനായുണ്ട്. ഡയറ്റീഷ്യൻ തസ്തികയിലും താൽകാലിക നിയമനമാണ് നിലവിലുള്ളത്.

(14) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ എട്ട് വാഹനങ്ങൾക്കായി ഒരു ഡ്രൈവർ മാത്രമാണുള്ളത്. മാനസികാരോഗ്യ കേന്ദ്രത്തിന്റെ ആവശ്യാർത്ഥം ഡ്രൈവർമാരുടെ തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സ്റ്റാഫ് നഴ്സ്, ഹെഡ് നഴ്സ് തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(15) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു മാസത്തേയ്ക്കുള്ള മരുന്ന് രോഗികൾക്ക് സൗജന്യമായി നൽകുന്നുണ്ട്. നിലവിൽ കൂട്ടിരിപ്പുകാർക്കുള്ള

ഭക്ഷണവും മറ്റും ആശുപത്രിയിൽ നിന്നു തന്നെയാണ് നൽകുന്നത്. എന്നാൽ കുക്കിന്റെ തസ്തികകൾ നാമമാത്രമാണെന്ന് സമിതി മനസ്സിലാക്കുന്നു. 13 പേർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 2 പേർ മാത്രമാണുള്ളത്. സാനിട്ടേഷൻ കാറ്റഗറിയിലുള്ള ജീവനക്കാരെ ഉപയോഗിച്ചാണ് ഇത് പരിഹരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ ആശുപത്രിയിലെ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും എണ്ണത്തിന് ആനുപാതികമായി കുക്ക് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും ആധുനിക സംവിധാനങ്ങളോടുകൂടിയ അടുക്കള (മോഡേൺ കിച്ചൺ) നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(16) കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ നിലവിൽ 474 കിടക്കകളാണുള്ള തെങ്കിലും 600 ഓളം രോഗികളെ കിടത്തി ചികിത്സിച്ചുവരുന്നു. കേരളത്തിലെ തന്നെ ആറ് വടക്കൻ ജില്ലകൾക്ക് പുറമെ തമിഴ്നാട്, കർണാടക എന്നീ അയൽ സംസ്ഥാനങ്ങളിലുള്ളവരും ഈ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സൈക്യാട്രിയിൽ വൈദഗ്ധ്യം നേടിയ ഡോക്ടർമാർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കേഴ്സ്, സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ, സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെ 314 ജീവനക്കാർ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന്റെ ഭാഗഭാക്കാവുന്നുണ്ട്. വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ഇവിടെ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അനുവദനീയമായ 314 തസ്തികകളുള്ള കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 5 ക്ലർക്കുമാരും ഒരു സൂപ്പർ ന്യൂമററി ക്ലർക്കുമാണ് ഉള്ളത്. അതിൽ സൂപ്പർ ന്യൂമററി ക്ലർക്ക് സ്ഥലം മാറിപോയതോടുകൂടി പ്രസ്തുത തസ്തികയും ഇല്ലാതായി. മാനസികാരോഗ്യ കേന്ദ്രത്തിന്റെ നവീകരണത്തിനായുള്ള മാസ്റ്റർ പ്ലാൻ, പുതുതായി വന്ന ഡി.എം.എച്ച്.പി. (ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം), ഡി.എൻ.ബി.(ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) തുടങ്ങിയ പദ്ധതികളുടെ തുടർ നടത്തിപ്പിനായി ക്ലറിക്കൽ സ്റ്റാഫിന്റെ തസ്തികകൾ വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. 2 ക്ലർക്ക് തസ്തികകൾ എങ്കിലും അടിയന്തിരമായി സൃഷ്ടിക്കേണ്ടതുണ്ട്. ഏകദേശം 450 മുതൽ 550 വരെ രോഗികളും 474 കിടക്കകളുമുള്ള ഈ ആശുപത്രിയിൽ നിലവിൽ 8 കുക്കുമാരാണുള്ളത്.

(17) രോഗീപരിചരണത്തിനും ഇവിടെ നിന്നും മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ആകുന്ന രോഗികൾക്ക് കൂട്ട് നിൽക്കുന്നതിനുമായി കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന് ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II-ന്റെ 4 തസ്തികകൾ അനുവദിക്കുന്നതിനും കുക്കുമാരുടെ കുറവ് പരിഹരിക്കുന്നതിലേക്കായി മൂന്ന് കുക്കുമാരെ അടിയന്തരമായി നിയമിക്കുന്നതിനും പത്തോളം വാർഡുകളുള്ള ഈ സ്ഥാപനത്തിൽ മുൻകവാടത്തിൽ

മാത്രമാണ് സെക്യൂരിറ്റി സ്റ്റാഫ് ലഭ്യമായിട്ടുള്ളതെന്നതിനാൽ ആശുപത്രി ജീവനക്കാരുടെയും മറ്റുള്ളവരുടെയും സുരക്ഷ കണക്കിലെടുത്തുകൊണ്ട് ആവശ്യമായ 4 സെക്യൂരിറ്റി സ്റ്റാഫിനെക്കൂടി നിയമിക്കുന്നതിനും രണ്ട് ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(18) തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ കുക്ക്, ഗാർഡനർ, ഡോബി തുടങ്ങിയ തസ്തികകൾ നിർത്തലാക്കിയതിനാൽ പ്രസ്തുത ജോലികൾക്കായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II ജീവനക്കാരെയാണ് നിലവിൽ നിയോഗിക്കുന്നത്. ഇത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുപോലെ തന്നെ നിലവിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ അപര്യാപ്തതയും ആശുപത്രി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായി സമിതി മനസ്സിലാക്കുന്നു. മാനസികാരോഗ്യ കേന്ദ്രത്തിലെ ജോലികൾക്ക് പുറമെ വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള സ്പെസിഫിക്കേഷൻ വർക്ക്, ഫോറൻസിക് കേസുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ആയതിനാൽ തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ നിലവിൽ നിർത്തലാക്കിയ കുക്ക്, ഗാർഡനർ, ഡോബി തുടങ്ങിയ തസ്തികകൾ പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പുനരധിവാസ പ്രവർത്തനങ്ങൾ

(19) രോഗം ഭേദമാകുന്നവരുടെ പുനരധിവാസമാണ് മാനസികരോഗാശുപത്രികൾ നേരിടുന്ന പ്രധാന പ്രതിസന്ധി. അസുഖം ഭേദമായാലും ആശുപത്രിയിൽ തന്നെ കഴിയേണ്ടി വരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പലരുടെയും ബന്ധുക്കൾ ഇവരെ തിരികെകൊണ്ടുപോകുന്നതിന് വിമുഖത കാട്ടുകയാണ്. അതിനായി ആവശ്യമായ നിയമനിർമ്മാണ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

(20) പുനരധിവാസത്തിന്റെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം ഭേദമാകുന്നവരെ ഏതെങ്കിലും വിധത്തിലുള്ള തൊഴിലുകൾ അഭ്യസിപ്പിക്കുന്നുണ്ട്. ബ്രെഡ് മേക്കിംഗ്, കാൻഡിൽ മേക്കിംഗ്, വീവീംഗ്, മെഡിസിൻ കവർ നിർമ്മാണം തുടങ്ങിയവയിൽ ഇവർക്ക് പരിശീലനം നൽകി ചെറിയ വരുമാനം നേടുന്നതിന് കഴിയുന്നുണ്ട്. കൂടുതൽ പേർക്ക് ഇത്തരം പരിശീലനം നൽകുന്നതിന് പുനരധിവാസ പ്രവർത്തനങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്.

(21) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ സഹായത്തോടുകൂടി പേപ്പർ നിർമ്മാണം, സോപ്പ്, സോപ്പ് പൊടി എന്നിവയുടെ

നിർമ്മാണം തുടങ്ങിയവയിൽ രോഗം ഭേദമായവർക്ക് പരിശീലനം നൽകുന്നുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന് തൊട്ടടുത്തായി ഇംഹാൻസിന് കീഴിലുള്ള പ്രിന്റിംഗ് പ്രസിൽ ഇരുപത്തഞ്ചോളം പേർ ജോലി ചെയ്തു വരുന്നു. രോഗം ഭേദമായവരെ കൂട്ടിക്കൊണ്ട് പോകുന്നതിന് ബന്ധുക്കൾ വിമുഖത കാണിക്കുന്നതിനാൽ ഇത് സംബന്ധിച്ച് 2015 മുതൽ 2018 വരെ അദാലത്തുകൾ സംഘടിപ്പിച്ച് 229 രോഗികളെ ബന്ധുക്കൾക്കൊപ്പം വിട്ടയച്ചിട്ടുണ്ട്. പുനരധിവാസത്തിനായി കാട്ടൂരിൽ പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള സ്ഥലം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും ഇത് ഫലവത്താകണമെങ്കിൽ പ്ലാൻ ഫണ്ട് വർദ്ധിപ്പിക്കേണ്ടതായുണ്ട്.

(22) തൃശ്ശൂർ ജില്ലയിൽ ആശാഭവൻ പോലുള്ള പ്രത്യേക സ്ഥാപനങ്ങളിൽ അവയുടെ പരമാവധി ശേഷിയിൽ കൂടുതൽ ആളുകളെ താമസിപ്പിച്ചുവരുന്നു. രോഗം ഭേദമാകുന്ന പുരുഷൻമാരെ പുനരധിവസിപ്പിക്കുന്നതിന് ഇവിടെ പ്രത്യേക സ്ഥാപനങ്ങളൊന്നും തന്നെ നിലവിലില്ല.

(23) രോഗം ഭേദമാകുന്ന ഇതര സംസ്ഥാനക്കാരെ അവരവരുടെ സ്ഥലങ്ങളിൽ തിരികെയെത്തിക്കുന്ന പദ്ധതി 3 വർഷം മുൻപ് വരെ നിലവിലുണ്ടായിരുന്നു. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെയും കെൽസയുടെയും നേതൃത്വത്തിൽ പ്രസ്തുത പരിപാടി പുനരാരംഭിക്കണമെന്നും പുനരധിവാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടി മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ ഒരു പുനരധിവാസ കേന്ദ്രം തന്നെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(24) തിരുവനന്തപുരത്ത് പൂജപ്പുരയിലെ ആശാഭവനുകളിൽ രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നുണ്ടെങ്കിലും, സ്ഥലപരിമിതി ഒരു പ്രശ്നമായി നിലനിൽക്കുന്നു. അന്തേവാസികൾക്കായി നവീനരീതിയിൽ ചികിത്സാ സൗകര്യങ്ങളും സ്വയം തൊഴിൽ ചെയ്യുന്നതിനും കൗൺസിലിംഗിനുമുൾപ്പെടെ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്ന രീതിയിൽ ഏഴുനില കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. സ്നേഹപൂർവ്വം പോലുള്ള പദ്ധതികളിലൂടെയും പുനരധിവാസം സാദ്ധ്യമാക്കുന്നുണ്ട്.

(25) മാനസികരോഗം ഭേദമായി പുറത്തുവരുന്നവരെ ഏറ്റെടുക്കുന്നതിന് ബന്ധുക്കൾ കാണിക്കുന്ന വിമുഖത പുനരധിവാസ രംഗത്തെ വലിയ വെല്ലുവിളിയാണ്. ഒരിക്കൽ മാനസിക രോഗം വന്നവരെ സമൂഹത്തിൽ ഭ്രഷ്ട് കല്പിക്കുന്ന ചിന്താഗതി മാറാത്തിടത്തോളം ഇവരുടെ പുനരധിവാസം ബുദ്ധിമുട്ടുള്ളതായി തുടരുക തന്നെ ചെയ്യും. സമൂഹത്തിന്റെ ഇവരോടുള്ള കാഴ്ചപ്പാട് മാറ്റുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(26) രോഗം ഭേദമായ, ഏറ്റെടുക്കാൻ ആരുമില്ലാത്തവരെ അതത് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ തന്നെ പുനരധിവാസ പദ്ധതികളിലൂടെ സ്വയം തൊഴിൽ അഭ്യസിപ്പിച്ച് ജീവനോപാധി കണ്ടെത്തുകയാണ് നിലവിൽ ചെയ്തു വരുന്നത്. ആശാഭവൻ, പകൽ വീട് പോലുള്ള പദ്ധതികൾ ഇവരുടെ പുനരധിവാസത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിലും ഇത്തരം പദ്ധതികളിൽ ഉൾക്കൊള്ളാവുന്നവരുടെ എണ്ണം പരിമിതമാണ്. ഈ സാഹചര്യത്തിൽ സർക്കാർ മുൻകയ്യെടുത്ത് ഇവർക്കുവേണ്ടി മാത്രമായി സന്നദ്ധസംഘടനകളുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ട്രസ്റ്റുകളുടെയും സഹകരണത്തോടെ പ്രായോഗികമായ ഒരു പുനരധിവാസ സംരംഭം ആരംഭിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന ഇവരെ തിരികെയെത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുവായ ശിപാർശകൾ

(27) കാലോചിതമായി പരിഷ്കരിച്ച ഒരു മാസ്റ്റർപ്ലാനിന്റെ അഭാവം മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യകേന്ദ്രങ്ങളിൽ സമഗ്രവും ദീർഘവീക്ഷണത്തോടുകൂടിയതുമായ മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു സമയക്രമം നിശ്ചയിക്കുന്നതിനും അതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(28) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ന്യൂഡൽഹിയുമായി സഹകരിച്ചുകൊണ്ട് മൾട്ടി സെന്റർ സ്റ്റഡി നടത്തുന്നതിന് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തെ പരിഗണിച്ചിട്ടുണ്ട്. ഡി.എൻ.ബി. കോഴ്സ് ഉൾപ്പെടെ നടത്തുന്ന ഒരു സ്ഥാപനമെന്ന നിലയിൽ 'മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ' എന്ന് പുനർനാമകരണം ചെയ്യുന്നത് ഉചിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം ചെയ്യുകയാണെങ്കിൽ ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ ഈ മേഖലയിലെ മറ്റ് യൂണിവേഴ്സിറ്റികളുമായും സയൻസ് ആന്റ് ടെക്നോളജി വകുപ്പുമായും ഐ.സി.എം.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) മായും ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളുമായുമൊക്കെ കൊളാബറേറ്റഡ് റിസർച്ചിനും, സ്ഥാപനത്തിന്റെ സേവനങ്ങളും സാധ്യതകളും പുറംലോകവുമായി സംവദിക്കുന്നതിലൂടെ വമ്പിച്ച വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്നും സമിതി മനസിലാക്കുന്നു. ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തെ അക്കാദമിക തലത്തിലെ അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 'മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ' എന്ന് പുനർനാമകരണം ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. മാനസികരോഗം ഭേദമായി പുറത്തുവരുന്നവരെ ഏറ്റെടുക്കുന്നതിന് ബന്ധുക്കൾ കാണിക്കുന്ന വിമുഖത പുനരധിവാസ രംഗത്തെ വലിയ വെല്ലുവിളിയാണ്. സർക്കാർ മുൻകൈയ്യെടുത്ത് ഇവർക്കുവേണ്ടി മാത്രമായി സന്നദ്ധസംഘടനകളുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ട്രസ്റ്റുകളുടെയും സഹകരണത്തോടെ പ്രായോഗികമായ ഒരു പുനരധിവാസ സംരംഭം ആരംഭിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന ഇവരെ തിരികെയെത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. കാലോചിതമായി പരിഷ്കരിച്ച ഒരു മാസ്റ്റർപ്ലാനിന്റെ അഭാവം മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യകേന്ദ്രങ്ങളിൽ സമഗ്രവും ദീർഘവീക്ഷണത്തോടുകൂടിയതുമായ മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു സമയക്രമം നിശ്ചയിക്കുന്നതിനും അതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തെ അക്കാദമിക തലത്തിലെ അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 'മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ' എന്ന് പുനർനാമകരണം ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. കോഴിക്കോട് മാനസിക രോഗാശുപത്രിയിൽ ആരംഭിച്ച കമ്മ്യൂണിറ്റി പ്രോഗ്രാം വിജയകരമായി നടപ്പാക്കി വരുന്നു. 2017 വരെ പതിനായിരത്തോളം പേർക്ക് ഇതിലൂടെ ചികിത്സ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ പ്രോഗ്രാം കൂടുതൽ കാര്യക്ഷമവും സമഗ്രവുമായി നടപ്പിലാക്കണമെങ്കിൽ മാനസികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ കെയർ ആവശ്യമുള്ള രോഗികളെ മാത്രമായി പരിമിതപ്പെടുത്തി മറ്റുള്ളവർക്കായി താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും സൈക്യാട്രിക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ആശുപത്രി വികസന സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലേക്കായി സന്നദ്ധ സംഘടനകളിൽ നിന്നും സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കുന്നതിനുള്ള അനുമതി നല്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. അക്രമാസക്തരായ രോഗികളിൽ നിന്നും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സുരക്ഷയ്ക്ക് ഭീഷണിയായ സംഭവങ്ങളുണ്ടായിട്ടുള്ളതിനാൽ സുരക്ഷാ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തണമെന്നും മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സുരക്ഷയ്ക്കായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും രോഗികളെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന സമയത്തും ഫോറൻസിക് വാർഡിലും പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. സെല്ലുകളിലെ ഏകാന്തത മനോരോഗികളെ കൂടുതൽ മാനസിക സംഘർഷത്തിലേക്ക് തള്ളിവിടാൻ സാധ്യതയുള്ളതിനാൽ അത്തരം രോഗികൾക്കായി ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ ബിഹേവിയർ ആൻഡ് അലൈഡ് സയൻസസ് (IHBAS) മാനസികാരോഗ്യകേന്ദ്രത്തിന്റെ മാതൃകയിലുള്ള ആധുനിക സെക്ലൂഷൻ വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. രോഗികൾക്കാവശ്യമായ മരുന്നുകളുടെ ലഭ്യതയിലും കുറവുണ്ട്. കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്ന മരുന്നുകളുടെ ലിസ്റ്റിൽ കൂടുതൽ ഉപയോഗിക്കേണ്ടതും അത്യാവശ്യവുമായ മരുന്നുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവ അതത് ആശുപത്രികളുടെ ആവശ്യാർത്ഥം ഉൾപ്പെടുത്തുന്നതിനും മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് മുൻഗണന നൽകി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി മരുന്നുകൾ ലഭ്യമാക്കുന്നതിനും ഒരു സംവിധാനം ഉണ്ടാക്കേണ്ടതാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ബിഹേവിയർ ഇന്റൻസീവ് കെയർ യൂണിറ്റ് അടിയന്തരമായി പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സൈക്യാട്രിക് രോഗികൾക്കുള്ള ന്യൂജനറിക് മരുന്നുകൾ നിലവിൽ ലോക്കൽ പർച്ചേസ് ചെയ്യുകയാണ്. ഇത്തരം മരുന്നുകൾ കൂടുതൽ ഫലപ്രദമായതിനാൽ സൈക്യാട്രിസ്റ്റുകൾ കൂടുതലായി അവ നിർദ്ദേശിക്കാറുണ്ട്. ആയതിനാൽ ന്യൂജനറിക് മരുന്നുകൾ കൂടി ജനറൽ പൂളിൽ ഉൾപ്പെടുത്തി രോഗികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

26. ഗവ. മാനസികാരോഗ്യ കേന്ദ്രത്തിലുള്ള രോഗികളെ മറ്റു ചികിത്സയ്ക്കായി മെഡിക്കൽകോളേജ് (എം.സി.എച്ച്./ഐ.എം.സി.എച്ച്.) ആശുപത്രികളിൽ അഡ്മിറ്റുചെയ്യുന്ന സമയങ്ങളിൽ സാധാരണ രോഗികളുടെ കൂടെ പൊതുവാർഡുകളിൽ കിടത്തി ചികിത്സിക്കുകയാണ് ചെയ്തു വരുന്നത്. രോഗിയുടെ കൂടെ കൂട്ടിരിപ്പുകാരായി 2 നഴ്സിംഗ് സ്റ്റാഫ് (നഴ്സിംഗ് അസിസ്റ്റന്റ്/ഹോസ്പിറ്റൽ അറ്റൻഡർ) കൂടി നിൽക്കേണ്ടതുണ്ട്. മാനസികരോഗികൾ പലപ്പോഴും അക്രമാസക്തരാകാൻ സാധ്യതയുള്ളതിനാൽ അത് അവർക്കും മറ്റുള്ളവർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാറുണ്ട്. അതിനാൽ മാനസിക ആരോഗ്യ കേന്ദ്രത്തിലെ രോഗികൾക്കായി മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രത്യേക വാർഡ്/മുറി സൗകര്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

---